**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3484** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ ഇന്നുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും, ആയതിലേക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ; | (ബി) | 2016 മുതൽ പാറശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളും അവയുടെ തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ? | (സി) | മുൻ സർക്കാർ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് പ്രവർത്തനങ്ങൾ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

1. **നെല്ല് വികസനം**

കൂട്ടുകൃഷി വികസനം (ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള നെല്ല് കൃഷി വികസനം ) തരിശ് നില കൃഷി, കരനെൽ കൃഷി ,പാടശേഖരങ്ങളുടെ കൂട്ടുകൃഷി പ്രവർത്തനങ്ങൾക്ക് സഹായം, ഒരുപ്പൂകൃഷി ഇരുപ്പുകൃഷിയിലേക്ക് മാറ്റുന്നതിന് സഹായം, സവിശേഷ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം, പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യാവുന്ന നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിനായി ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

2. **പച്ചക്കറി വികസനം**

പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം കൈവരിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി പച്ചക്കറി വിത്ത്, തൈകൾ എന്നിവ സൗജന്യമായി നൽകുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറിത്തോട്ടങ്ങളുടെ പ്രോത്സാഹനം, ബി.എൽ.എഫ്.ഒ/ എ ഗ്രേഡ് ക്ലസ്റ്ററുകളുടെ സഹായം, നഗരക്ലസ്റ്ററുകളുടെ വികസനം, മഴമറ, പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം , ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, നഴ്സറികളുടെ സ്ഥാപനം, സൂക്ഷ്മ ജലസേചനത്തിനുള്ള സഹായം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

3. **പയർ, കിഴങ്ങുവർഗ്ഗവിളകളുടെ വികസനം**

പച്ചക്കറി തോട്ടങ്ങളിലും, നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും വിവിധ പയർവർഗ്ഗങ്ങൾ കൃഷി ചെയ്ത് അവയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. കൂടാതെ കൃഷി വകുപ്പും കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രവും സംയുക്തമായി കിഴങ്ങ് വർഗ്ഗവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

4. **നാളികേര വികസനം**

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ നിന്നും പരമാവധി ആദായം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

5. **സുഗന്ധവ്യഞ്ജന വികസനം**

പുതിയ കുരുമുളക് തോട്ടങ്ങൾ, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, ഇഞ്ചി, ജാതി മഞ്ഞൾ, ഗ്രാമ്പു വിളകളുടെ കൃഷി

വ്യാപിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

6. **<u>പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം</u>**

ഫലവർഗ്ഗങ്ങളുടെ കൃഷി ജനപ്രിയമാക്കുക എന്നതിനായി നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, വിസ്തൃതി വിപുലീകരണ പരിപാടികൾ , പരിശീലനം തുടങ്ങിയവ നടപ്പിലാക്കുന്നു.

7. **<u>മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദന ക്ഷമത ഉയർത്തലും</u>**

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഷിക ഉല്പാദനത്തിന് ആവശ്യമായ ദ്വിതീയ സൂക്ഷ്മമൂലകങ്ങൾ, മണ്ണിന്റെ അമ്ലത്വം പരിഹരിക്കുന്നതിനുള്ള ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ എന്നിവ നൽകുന്നു.

8. **<u>വിള ആരോഗ്യപരിപാലനം</u>**

കീടരോഗ നിരീക്ഷണത്തിലൂടേയും ഉപദേശക സംവിധാനത്തിലൂടേയും കർഷകർക്ക് കൃത്യമായ ഉപദേശങ്ങൾ ഈ പദ്ധതിയിലൂടെ നൽകുന്നു.

9. **<u>ജൈവകൃഷിയും ഉത്തമകൃഷി മുറകളും (ജി.എ.പി )</u>**

ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം എന്നിവയിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

10. **<u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും</u>**

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി നടപ്പിലാക്കുന്ന പദ്ധതി.

11. **<u>ലബോറട്ടറികളഉടെ ആധുനീകരണം</u>**

മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, വിത്ത് പ രിശോധന എന്നിവയ്ക്കായുള്ള പദ്ധതി

12. **<u>കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ</u>**

ആത്മ പ്രോജക്ട് ഡയറക്ടറേറ്റ് ശാക്തീകരണം, പ്രാദേശിക, കാർഷിക സാങ്കേതിക പരിശീലന കേന്ദ്രങ്ങളുടെ നവീകരണം , മികച്ച പ്രകടനം നടത്തുന്ന കർഷകർക്കും എക്സ്റ്റൻഷൻ ഉദ്യോഗസ്ഥർക്കും അവാർഡ് , ലീഡ്സ് പദ്ധതി, പൊതുപങ്കാളിത്തത്തിനായി കർഷക സെമിനാർ, കർഷകദിനം അവലോകന യോഗങ്ങൾ എന്നിവ നടത്തുന്നതിനും ഞാറ്റുവേല ചന്ത, കർഷക സഭ തുടങ്ങിയവയും ഈ പ ദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

13. **<u>മാനവശേഷി വികസനം</u>**

കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ നടത്തുന്നു.

14. **<u>കാർഷിക സേവന കേന്ദ്രങ്ങളും സേവനസംവിധാനവും</u>**

കാർഷിക സേവനകേന്ദ്രങ്ങൾ, കാർഷിക കർമ്മസേന , കസ്റ്റം ഹയറിംഗ് സെന്റർ, കൃഷിശ്രീ മൊബൈൽ ക്ലിനിക്കുകളുടെ വേതനം , കൃഷി ഭവനിലെ വാഹനങ്ങൾ നന്നാക്കൽ എന്നിവ ഈ പദ്ധതിയിലൂടെ നടത്തുന്നു.

15. **<u>ഓഫീസ് ആട്ടോമേഷനും ഐ റ്റി സാങ്കേതിക വിദ്യയും</u>**

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

16. **<u>കൃഷി പാഠശാല</u>**

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നു.

17. **<u>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി</u>**

സംസ്ഥാനത്ത് 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്നതിലൂടെ കർഷകർക്ക് കൃഷിനാശം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്ന പദ്ധതി.

18. **<u>പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിര പദ്ധതി</u>**

അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റേയും മറ്റ് കാർഷിക വിളകളുടേയും ഒരുകരുതൽ ശേഖരം ഉറപ്പാക്കുന്നതിനാണ് ഈ പദ്ധതി

19. **നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷണവും പ്രോത്സാഹനവും**

20. **കാർഷിക വിപണി ശക്തിപ്പെടുത്തൽ**

21. **വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന്**

22. **മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും**

23. **ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അധികസഹായം**

24. **ഗ്രാമീണ അടിസ്ഥാന സൗകര്യവികസനനിധി**

25. **കേരള ഫാംഫ്രഷ് - പഴം പച്ചക്കറി തറവില**

കർഷകർക്ക് 16 ഇനം പഴം പച്ചക്കറികളുടെ വിലയിൽ ഇടിവു ണ്ടാകുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം നൽകാൻ ലക്ഷ്യമിടുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

1. **സംയോജിത പദ്ധതി- കൃഷി ഉന്നതിയോജന**

ആർ.കെ.വി.വൈ പദ്ധതി , പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന, പരമ്പരാകൃത കൃഷി വികാസ് യോജന, ഹോർട്ടികൾച്ചർ വികസനത്തിനായുള്ള എം.ഐ.ഡി.എച്ച് , ദേശീയ കാർഷിക സുസ്ഥിര പദ്ധതി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു

2. **ബയോഗ്യാസ് പദ്ധതി**

ഈ പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റ്, സാനിറ്ററി ടോയ്‌ലറ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും , നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനം, ടേൺ കീ ഏജന്റിന് സാമ്പത്തിക സഹായം എന്നിവ ലക്ഷ്യമിട്ടിരിക്കുന്നു.

**അനുബന്ധം – 2**

**2016 മുതൽ പാറശാല മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളും അവയുടെ തുകയുടെ വിശദാംശങ്ങൾ**

| ക്രമ. നം. | പദ്ധതികൾ | 2016-17 (Rs.in lakhs) | 2017-18 (Rs.in lakhs) | 2018-19 (Rs.in lakhs) | 2019-20 (Rs.in lakhs) | 2020-21 (Rs.in lakhs) | 2021-22 (Rs.in lakhs) |
|---|---|---|---|---|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 2.86494 | 5.65323 | 9.17695 | 6.31997 | 2.02865 | 0.44957 |
| 2 | ക്വാളിറ്റി കൺട്രോൾ | 0.08 | | 0.2251 | 0.90628 | | |
| 3 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 6.91024 | 21.58225 | 8.86966 | 10.45272 | 1.77748 | 1.4682 |
| 4 | പച്ചക്കറി വികസന പദ്ധതി | 23.6076 | 31.1456 | 51.81651 | 25.10784 | 29.90761 | 27.17859 |
| 5 | വിള ആരോഗ്യ പരിപാലനം | 7.71876 | 5.299 | 9.49133 | 4.40457 | 2.32452 | 2.68375 |
| 6 | അഗ്രോ സർവ്വീസ് സെന്റർ & സർവീസ് ഡെലിവറി | 1.12257 | 13.09684 | 5.6349 | 3.96003 | 3.01734 | 3.0159 |
| 7 | കേരഗ്രാമം | 12.91458 | | | | | |
| 8 | ജൈവ കൃഷി | 8.68843 | 2.99241 | 3.85907 | 1.295 | | 1.2446 |
| 9 | എൻ.എം.എസ്.എ. സോയിൽ | 0.12507 | | | | | |
| 10 | പരമ്പരാഗത കൃഷി വികാസ് യോജന | 5.48341 | | 2.48537 | | | |
| 11 | വിപണി വികസനം (വിഷുവിപണി/ഓണചന്തകൾ) | 3 | 7 | 3.6 | 7.15 | 7.15 | 7.15 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ബയോഗ്യാസ്(സെൻട്രൽ) | 1.844 | 0.66 | 4.35 | 1.6 | 4.455 | |
| 13 | കർഷകർക്ക് സൗജന്യ വൈദ്യുതി (നോൺ പ്ലാൻ) | 1.63664 | 1.2525 | 1.38953 | 1.5555 | 0.01815 | |
| 14 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ | 18.7315 | 15.56208 | 38.19046 | 7.5109 | 8.58351 | |
| 15 | ആത്മ | 0.09 | 4.08828 | 5.5163 | 1.92078 | 3.9539 | |
| 16 | ആർ.കെ.വി.വൈ. നെല്ല് | 0.2216 | 5 | | 2.35 | 0.0875 | |
| 17 | ആർ.കെ.വി.വൈ. തരിശ് വാഴ | | | | | 5.09716 | |
| 18 | ആർ.കെ.വി.വൈ തരിശ് പച്ചക്കറി | | | | | 1.182 | |
| 19 | ആർ.കെ.വി.വൈ തരിശ് കിഴങ്ങുവർഗ്ഗം | | | | | 2.4594 | |
| 20 | ആർ.കെ.വി.വൈ തരിശ് പയറുവർഗ്ഗം | | | | | 0.054 | |
| 21 | ആർ.കെ.വി.വൈ തരിശ് ചെറുധാന്യം | | | | | 0.924 | |
| 22 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | 24.85333 | 5.34715 | 344.6698 2 | 8.51403 | 27.65234 | 9.82908 |
| 23 | ജനകീയാസൂത്രണം | 21.22434 | 78.34655 | 69.69285 | 25.94996 | 21.815 | |
| 24 | നാളികേരവികസനം (കേരസമൃദ്ധി, മാതൃകാ തോട്ടങ്ങൾ, സി.ഡി.ബി.) | 4.52276 | 5.74625 | 4.4469 | 3.82755 | 1.64855 | |
| 25 | സുഗന്ധവ്യഞ്ജന വികസനം | | 6.025 | 1.325 | | 2.45 | 2.8035 |
| 26 | എസ്.എം.എ.എം. | | 0.49985 | 10.81372 | | | |
| 27 | കൃഷിപാഠശാല | | | | | 1.21075 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 28 | കിഴങ്ങ്/പയർ വർഗ്ഗവിള വികസനം | | | 0.077 | | 0.35 | |
| 29 | വിള ഇൻഷ്വറൻസ് ആനുകൂല്യം | | 0.09 | 40.13 | 83.4506 | 89.7205 | 36.20675 |
| 30 | പി.എം.കെ.എസ്.വൈ. | | | 1.99162 | 0.87107 | | |
| 31 | ഫലവർഗ്ഗ വികസനം | | | | | 3.16415 | 1.64815 |
| 32 | കർഷകപെൻഷൻ | 6.624 | 40.958 | 118.038 | 14.668 | | |
| 33 | ജൈവഗൃഹം | | | | | 14.77 | |
| 34 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യം | | | | | 0.162 | 0.14353 |
| 35 | ബയോഗ്യാസ്(സ്റ്റേറ്റ്) | | | | | 0.48 | |
| 36 | സി.ഡി.ബി | | | | | 3.88725 | |

2021-22 വർഷത്തിൽ അനുവദിച്ച മേൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**